# സംശയിക്കാതെ വിശ്വസിക്കാം

## മത്തായി 14:31

"യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു. അല്പവിശ്വാസിയെ നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു"

ഉപവാസ പ്രാർത്ഥനകളിലും, ആത്മീയ ശുശ്രൂഷകളിലുമൊക്കെ പങ്കെടുത്ത്, ആത്മീകാവേശത്തിന്റെ അതിപ്രസരത്തിൽ, കർത്താവിനെ നോക്കി ഇറങ്ങിത്തിരിക്കുന്ന അനേകർ, കൊടുങ്കാറ്റുകളും, തിരമാലകളും നിറഞ്ഞ ജീവിത സാഹചര്യത്തിൽ പരിഭ്രമിച്ചു താണു പോകാറുണ്ട്. ഒരിക്കൽ ശിഷ്യന്മാരെ പടകിൽ അക്കരക്ക് അയച്ചിട്ട്, കർത്താവ് തനിയെ മലയിലേക്ക് കയറിപ്പോയി. പടക് പലനാഴിക ദൂരത്ത് കൊടുങ്കാറ്റിൽ പെടുകയും മുന്നോട്ട് പോകാനാകാതെ ശിഷ്യന്മാർ ഭയപ്പെട്ടു നിൽക്കുന്നു. രാത്രിയുടെ നാലാം യാമത്തിൽ അവരുടെ അടുത്തേയ്ക്ക് നടന്നുവരുന്ന കർത്താവിനെ കണ്ട് അവർ ഭയന്നു നിലവിളിക്കുന്നു. പത്രോസിനാട് അവന്റെ ആഗ്രഹത്തെ മാനിച്ച കർത്താവ് നടന്നുവരുവാൻ ആവശ്യപ്പെട്ടു. എന്നാൽ പത്രോസാകട്ടെ ഒരു നിമിഷം അവന്റെ ഹൃദയവും കണ്ണും തൊട്ടടുത്തു നിന്ന നാഥനിൽ നിന്നും ആർത്തിരമ്പുന്ന തിരമാലകളിലേക്കും, കാറ്റിന്റെ ഗതിയിലേക്കും മാറിപ്പോയി അവൻ താണുപോകുവാൻ തുടങ്ങി.

നമ്മുടെ ജീവിതത്തിലും ആഞ്ഞടിക്കുന്ന കഷ്ടങ്ങളും, നഷ്ടങ്ങളും, രോഗങ്ങളും, പീഢകളുമാകുന്ന തിരമാലകളെ കണ്ട് നീ ഭയന്ന് ജീവിത സാഗരത്തിൽ താഴ്ന്ന് പോകുന്നുവോ? കൂടുവിട്ട്, കൂട്ടംവിട്ട്, കർത്താവിനെ കണ്ടുകൊണ്ട് ഇറങ്ങി തിരിച്ച നീ, ജീവിത വഴിതാരയിൽ ഒറ്റപ്പെട്ടു എന്നു കരുതി വിലപിക്കുന്നുവോ? എങ്കിൽ ഭയപ്പെടേണ്ട. ഈ തിരമാലകളുടെയും കൊടുങ്കാറ്റിന്റെയും നടുവിൽ കർത്താവ് നിന്റെ അരികിലുണ്ട്. "കർത്താവേ കരുണ തോന്നണമേ" എന്ന് ഒന്നു പറയാമോ? ആ കരങ്ങൾ നിന്നെ കോരിയെടുത്ത് മാറോട് അടക്കിപ്പിടിച്ച് നിന്നെ ആശ്വസിപ്പിക്കും. അവൻ നിന്റെ കണ്ണുനീർ തുടക്കും, വിശ്വസിക്കുക. നിന്റെ ജീവിതത്തിന്റെ ഏത് അവസ്ഥയിലും, അത് ദുഃഖമായാലും, സന്തോഷമായാലും അവനോട് ചേർന്നു നിൽക്കുന്നു എങ്കിൽ, അവൻ നിന്നെ മാറോട് അടക്കിപ്പിടിച്ചു സ്നേഹിക്കുന്ന ഒരു കർത്താവാണ്, നമ്മെ കരുതുന്ന കർത്താവാണ്, നമ്മെ കാക്കുന്ന കർത്താവാണ്. അവനിൽ നമുക്കാശ്രയം വയ്ക്കാം, അവനെ വിശ്വസിക്കാം, അവൻ നമ്മെ ലക്ഷ്യത്തിൽ എത്തിക്കും.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 012